Class No. : ..................................

Name : ........................................

# FY 3008

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2025

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**ഒന്നു മുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(5×2=10)**

1. വൈയക്തികമായ നേട്ടങ്ങൾക്കപ്പുറം തന്റെ സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന ജോനാഥന്റെ ചിന്തയുമായി ചേർത്തു വെയ്ക്കാവുന്ന മറ്റു രണ്ടു സവിശേഷതകളാണ്

   – പുതിയ സാധ്യതകൾ കണ്ടെത്താനുള്ള ശ്രമം.

   – പരിമിതികളെ മറികടക്കാനുള്ള ഭയം.

   – മറ്റു കടൽക്കാക്കകളെ പരാജയപ്പെടുത്തണമെന്ന ചിന്ത.

   – പരിമിതികളെ മറികടക്കാനുള്ള ആഗ്രഹം.

Score

2. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്തിൽ മരങ്ങൾക്കും വേരുകൾക്കുമൊക്കെ മനുഷ്യഭാവം കല്പിച്ചിട്ടുള്ളതിനുദാഹരണങ്ങളാണ്

– വെട്ടിവീഴ്ത്തുന്ന മരത്തിന്റെ ദയനീയമായ നോട്ടവും വീഴ്ചയും.

– മരങ്ങളിൽ നിന്നും പൊഴിയുന്ന ഇലകളെ ഉപയോഗശൂന്യമായി കാണുന്നത്.

– വേരുകൾ പ്രണയപൂർവ്വം പാറകളെ ആലിംഗനം ചെയ്യുന്നത്.

– വേരുകളുടെ ഔഷധമൂല്യം.

3. കായലരികത്ത് എന്ന ഗാനത്തിന്റെ സവിശേഷതകളാണ്

– നാടൻ പദപ്രയോഗങ്ങൾ.

– ക്ലാസ്സിക്കൽ ഗാനപാരമ്പര്യം.

– മാപ്പിളപ്പാട്ടിന്റെ ഈണം.

– കായലിന്റെ വർണ്ണന.

4. 'കൈപ്പാട്' എന്ന പാഠഭാഗവുമായി യോജിക്കുന്ന പ്രസ്താവനകൾ ഏതെല്ലാം ?

– ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ മികച്ച ഹ്രസ്വചിത്രം.

– ജൈവിക ലോകത്തിന്റെ പരസ്പരാശ്രിതത്വം.

– പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഡോക്യുമെന്ററി.

– ഹസ്സ എന്ന പെൺകുട്ടി മുഖ്യകഥാപാത്രമായി വരുന്നു.

Score

5. താഴെ തന്നിട്ടുള്ള പ്രസ്താവനകളിൽ എം. എൻ. വിജയന്റെ കവിതകളെക്കുറിച്ചുള്ള നിരീക്ഷണങ്ങളേതെല്ലാം ?

– അനേകം അർത്ഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്.

– അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്.

– ശബ്ദങ്ങളുടെ നൃത്തം മാത്രമാണ് കവിത.

– എല്ലാവരും ഒരു പോലെ കാണുന്നതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ.

6. 'ഇരുട്ടിലെ മനുഷ്യൻ' എന്ന കവിതയിൽ കവി ആരോടൊക്കെയാണ് സംവദിക്കുന്നത് ?

– കുടവുമായ് നിൽക്കുന്ന സുന്ദരിയോട്

– പ്രേമവേദനപാകി മറയുന്ന ഋതുക്കളോട്

– കവിതാസമാധിയിലുറച്ച മലകളോട്

– തിരുവാതിര നിലാവിനോട്

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(4×2=8)**

7. 'സന്ദർശനം' എന്ന കവിതയിലെ ''മൗനം കുടിച്ചിരിക്കുന്നു'' എന്ന പ്രയോഗത്തിന്റെ ഔചിത്യ ഭംഗി കണ്ടെത്തുക.

8. 'ഓർമ്മയുടെ ഞരമ്പ്'' എന്ന കഥയിൽ സ്വാതന്ത്ര്യ സമരചരിത്രവുമായി ബന്ധപ്പെട്ടുവരുന്ന ഏതെങ്കിലും രണ്ടു സന്ദർഭങ്ങൾ എഴുതുക.

Score

9. ജനപ്രിയ സിനിമകളുടെ ഏതെങ്കിലും രണ്ടു പൊതുസ്വഭാവങ്ങൾ എഴുതുക.

10. "ഏറിയ ദു:ഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടേപ്പോൽക്കാണുമോ വേറെങ്ങാനും ?"
ഈ വരികളിലെ സൂചനയെന്ത് ?

11. "അനർഘനിമിഷം" എന്നതുകൊണ്ട് ബഷീർ അർത്ഥമാക്കുന്നതെന്തിനെയാണ് ?

12. "നമ്മുടെ ദേശത്തു പോവതിന്നായിട്ടു
ചെമ്മേ തുടങ്ങേണം താതനിപ്പോൾ"
ഇങ്ങനെ കൃഷ്ണൻ പറയാനിടയായ സന്ദർഭം ഏതായിരുന്നു ?

**13 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ 6 എണ്ണത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(6×4=24)**

13. 'സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും"
പ്രണയത്തിന്റെ മധുരോദാരവും വർണശബളവുമായ ഭൂതകാലത്തെക്കുറിച്ചുള്ള സൂചന ഈ വരികളിലുണ്ടോ ? ലഘുകുറിപ്പെഴുതുക.

14. "കാട്ടരുവികൾക്കരികിലിരുന്ന് പ്ലാസ്റ്റിക് കുപ്പികളിൽ വാങ്ങിച്ചു കൊണ്ടുവന്ന ജീവനില്ലാത്ത 'മിനറൽ വാട്ടർ' കുടിക്കുന്നവർക്ക് തൊട്ടരികിലൂടെ ഒഴുകുന്ന ഔഷധക്കൂട്ട് നിഷിദ്ധമാണ്!" ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടാനുള്ള കാരണമെന്ത് ?

15. "അവൻ ഒരു കണ്ണാടിയിലും കാഴ്ചയായില്ല." പ്രദർശനങ്ങൾക്ക് പ്രാധാന്യമുള്ള ഇക്കാലത്ത് മത്സ്യത്തിന്റെ നിലപാട് എത്രത്തോളം പ്രസക്തമാണ് ? നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

Score

16. 'കൈപ്പാട്' എന്ന ഡോക്യുമെന്ററിയിൽ കേരളത്തിൽ നിന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്ന കൃഷിരീതികളെക്കുറിച്ചുള്ള ഉത്കണ്ഠകളാണോ പങ്കുവെയ്ക്കുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

17. "പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം. പക്ഷേ മണ്ണുതിന്നുന്നവൻ ഞാഞ്ഞൂലായിത്തീരുന്നു" (കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ) – ആശയം എഴുതുക.

18. "നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന്, അവസാനം
നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ് നീ മാത്രം." ഇത്തരത്തിൽ പദ്യത്തോട് അടുത്തു നിൽക്കുന്ന അനർഘനിമിഷത്തിലെ ഭാഷാരീതി പാഠസന്ദർഭത്തിന് കൂടുതൽ ഭംഗി നൽകുന്നുണ്ടോ ? വിശദീകരിക്കുക.

19. അച്ഛനമ്മമാരുടെ സ്നേഹവായ്പും കരുതലും സൂചിപ്പിക്കുന്ന രണ്ടു സന്ദർഭങ്ങൾ 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്തു നിന്നും എഴുതുക.

**20 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4×6=24)**

20. സ്ത്രീസ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം എന്നീ ആശയങ്ങളെ 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിൽ അവതരിപ്പിച്ചിട്ടുള്ളതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

21. പുതിയ തലമുറയ്ക്ക് കേരളത്തിന്റെ പഴയകാല ഗ്രാമീണജീവിതചിത്രം മനസ്സിലാക്കാൻ 'കായലരികത്ത്' എന്ന ഗാനരംഗം സഹായകമാകുന്നുണ്ടോ ? വിശദീകരിക്കുക.

22. കുടുംബസങ്കല്പം, സ്ത്രീ സങ്കല്പം എന്നിവയെക്കുറിച്ച് നിലവിലുള്ള പൊതുധാരണകളെ ജനപ്രിയ സിനിമകൾ തിരുത്തുന്നുണ്ടോ ? അഭിപ്രായങ്ങൾ വ്യക്തമാക്കുക.

Score

23. ഹസ്സ എന്ന കാഴ്ചയില്ലാത്ത പെൺകുട്ടിയുടെ അനുഭവലോകമാണ് 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രത്തിൽ കാണുന്നതെങ്കിലും, ചിത്രത്തിന്റെ പ്രധാന പ്രമേയം പാരിസ്ഥിതികമായ ആശങ്കകൾ തന്നെയല്ലേ ? നിങ്ങളുടെ പ്രതികരണങ്ങൾ എഴുതുക.

24. "ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ –
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം" – ഏതു കാലത്തും പ്രസക്തമായിട്ടുള്ള ജീവിത ദർശനമായി ഈ വരികൾ മാറുന്നുണ്ടോ ? വിശദമാക്കുക.

**താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 25 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3×2=6)**

കലുഷമായ ഒരു കാലത്തെ അഭിസംബോധന ചെയ്യേണ്ട ഉത്തരവാദിത്വം ഓരോരുത്തർക്കുമുള്ളതെന്ന പോലെ കഥകൾ എഴുതുന്നവർക്കും ബാധകമാണ്. ഉപരിപ്ലവമായ സംവാദങ്ങൾക്കോ വരണ്ട തത്വചിന്തകൾക്കോ ആത്മാർഥതയില്ലാത്ത മുദ്രാവാക്യങ്ങൾക്കോ 'കഥ' എന്ന സങ്കേതത്തിൽ വലിയ സ്ഥാനമൊന്നും അവകാശപ്പെടാൻ കഴിയില്ല. ആധുനികാനന്തരമെന്നോ അധിനിവേശാനന്തരമെന്നോ ഉള്ള സംവർഗങ്ങളിൽ അഭിരമിക്കാതെ, ഇന്നത്തെ ജീവിതാവസ്ഥകളോടും രാഷ്ട്രീയത്തോടും നേരിട്ട് ഇടപെടുന്നവയാണ് സമകാലകഥകൾ. കഥപറച്ചിലിന്റെ പരമ്പരാഗതശൈലികളെ ഉപേക്ഷിച്ചു കൊണ്ടോ പുതുക്കിപ്പണിഞ്ഞുകൊണ്ടോ ആഖ്യാനത്തിന്റെ വ്യത്യസ്ത ഇടങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങളാണ് വർത്തമാനകാലത്തെ കഥകൾ ഏറ്റെടുത്തിരിക്കുന്ന ദൗത്യം എന്നത് അതിശയോക്തിപരമായ പ്രസ്താവനയല്ല.

(പുതുകഥയുടെ സമവാക്യങ്ങൾ)

സംവർഗം – വിഭാഗം
അഭിരമിക്കുക – സന്തോഷിക്കുക

25. കഥ എന്ന സങ്കേതത്തിൽ വലിയ സ്ഥാനമൊന്നും അവകാശപ്പെടാൻ കഴിയാത്തത് ഏതിനെല്ലാമാണ് ?

26. സമകാലകഥകളുടെ പ്രത്യേകതകൾ എന്തെല്ലാം ?

27. വർത്തമാനകാലത്തെ കഥകൾ ഏറ്റെടുത്തിരിക്കുന്ന ദൗത്യം എന്ത് ?

Score

**28-29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. 8 സ്കോർ.** **(1×8=8)**

**28.** ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണത 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്ത് ലളിതാംബിക അന്തർജനം എത്രത്തോളം ശക്തമായി അവതരിപ്പിച്ചിരിക്കുന്നുവെന്ന് പാഠസന്ദർഭങ്ങളുമായി ചേർത്തുവെച്ചു കൊണ്ട് ഉപന്യാസം തയാറാക്കുക.

**29.** 'സൈക്കിൾ മോഷ്ടാക്കളിൽ' മറ്റെന്തിനേക്കാളുമധികം പ്രധാനമായിരിക്കുന്നത് ചിത്രം മുന്നോട്ടുവെയ്ക്കുന്ന പ്രത്യാശയാണ്. ഈ പ്രസ്താവന വിശകലനം ചെയ്ത് നിരൂപണം തയ്യാറാക്കുക.